# കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പെരിന്തൽമണ്ണ നഗരസഭയിൽ നിന്നും സാനിട്ടേഷൻ വർക്കർ തസ്തികയിൽ വിരമിച്ച ശ്രീ.എ.കൃഷ്ണന് പെരിന്തൽമണ്ണ ഇ.എം.എസ് മെമ്മോറിയൽ ആശുപത്രിയിൽ നടത്തിയ ചികിത്സയ്ക്ക് ചെലവായ തുക മെഡിക്കൽ റീ-ഇംബേഴ്സ്മെന്റായി അനുവദിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധാ) നം. 224/2019/തസ്വഭവ തിരുവനന്തപുരം, തീയതി : 01/02/2019

---

പരാമർശം : 1) ശ്രീ.എ.കൃഷ്ണന്റെ 24/04/2012 തീയതിയായുള്ള അപേക്ഷ.
2) മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസറുടെ 09/07/2012 തീയതിയിലെ സി5/4356/2012 നമ്പർ കത്ത്.
3) പെരിന്തൽമണ്ണ നഗരസഭാ കൗൺസിലിന്റെ 24/12/2013 തീയതിയിലെ 11-ാം നമ്പർ തീരുമാനം.
4) നഗരകാര്യ ഡയറക്ടറുടെ 26/09/2015, 16/08/2016, 23/12/2016, 04/12/2018 തീയതികളിലെ ഡിസി1-2332/2014 നമ്പർ കത്തുകൾ.

## ഉത്തരവ്

പെരിന്തൽമണ്ണ നഗരസഭയിൽ നിന്നും സാനിട്ടേഷൻ വർക്കർ തസ്തികയിൽ വിരമിച്ച ശ്രീ.എ.കൃഷ്ണന് പെരിന്തൽമണ്ണ ഇ.എം.എസ് മെമ്മോറിയൽ ആശുപത്രിയിൽ നടത്തിയ ചികിത്സയ്ക്ക് ചെലവായ തുകയായ 11,042/- രൂപ (പതിനൊന്നായിരത്തി നാൽപ്പത്തി രണ്ടു രൂപാമാത്രം) മെഡിക്കൽ റീ-ഇംബേഴ്സ്മെന്റായി അനുവദിക്കുന്നതിനുള്ള പരാമർശം (1) ലെ ടിയാന്റെ അപേക്ഷയും അനുബന്ധരേഖകളും, പരാമർശം (2) ലെ മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസറുടെ കത്തിന്റെയും പരാമർശം (2) ലെ പെരിന്തൽമണ്ണ നഗരസഭാ കൗൺസിൽ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ, പരാമർശം (4) പ്രകാരം നഗരകാര്യ ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

2) കെ.ജി.എസ്.എം.എ റൂൾസ് 1960 മുനിസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാർക്കും ബാധകമാക്കിയിട്ടുള്ളതിനാലും, ശ്രീ.എ.കൃഷ്ണൻ പെരിന്തൽമണ്ണ നഗരസഭയിൽ ഫുൾടൈം സാനിട്ടേഷൻ വർക്കർ തസ്തികയിലാണ് സേവനമനുഷ്ഠിച്ചിരുന്നതെന്ന പരാമർശം (4) പ്രകാരമുള്ള നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പെരിന്തൽമണ്ണ നഗരസഭയിൽ നിന്നും സാനിട്ടേഷൻ വർക്കർ തസ്തികയിൽ വിരമിച്ച ശ്രീ.എ.കൃഷ്ണന് പെരിന്തൽമണ്ണ ഇ.എം.എസ് മെമ്മോറിയൽ ആശുപത്രിയിൽ

നടത്തിയ ചികിത്സയ്ക്ക് ചെലവായ തുകയായ 11,042/- രൂപ (പതിനൊന്നായിരത്തി നാൽപ്പത്തി രണ്ടു രൂപാമാത്രം) പ്രസ്തുത മെഡിക്കൽ ബില്ലുകളുടെ വാസ്തവികത, അർഹത, കൃത്യത എന്നിവ നഗരകാര്യ ഡയറക്ടർ, പെരിന്തൽമണ്ണ നഗരസഭാ സെക്രട്ടറി എന്നിവർ പരിശോധിച്ച് ഉറപ്പ് വരുത്തണമെന്ന വ്യവസ്ഥയിലും, ടി തുക പെരിന്തൽമണ്ണ നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും വിനിയോഗിക്കണമെന്ന വ്യവസ്ഥയിലും, കേരള ഗവണ്മെന്റ് എംപ്ലോയീസ് മെഡിക്കൽ അറ്റൻഡൻസ് റൂൾസ് 1960 ബാധകമാക്കിയ 1998 ലെ കേരള മുൻസിപ്പാലിറ്റീസ് (എംപ്ലോയീസ് മെഡിക്കൽ അറ്റൻഡന്റ്സ്) റൂൾ പ്രകാരം മെഡിക്കൽ റീ-ഇംബേഴ്സ്മെന്റായി അനുവദിക്കുന്നതിന് നഗരകാര്യ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**വി.എസ്.സന്തോഷ്**
**അണ്ടർ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
(മെഡിക്കൽ ബില്ലുകളും അനുബന്ധരേഖകളും ഉൾപ്പെടെ)
സെക്രട്ടറി, പെരിന്തൽമണ്ണ നഗരസഭ
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ